GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

06-06-2021

## കാർഷിക വാർത്തകൾ

1. വിത്തുവണ്ടിയുമായി കാർഷിക സർവ്വകലാശാല

കോവിഡ്കാല പ്രത്യേകസേവനത്തിന്റെ ഭാഗമായി കർഷകർക്ക് വിത്തുംവളവും അവരുടെ വീടുമുറ്റത്തു എത്തിച്ചുകൊടുക്കുക എന്നലക്ഷ്യത്തോടെ കേരളകാർഷികസർവ്വകലാശാല 'വിത്തുവണ്ടി' സജ്ജമാക്കിയിരിക്കുന്നു. വിത്തുകൾ, വിവിധതരംവളങ്ങൾ, സുഡോമോണാസ്, ട്രൈക്കോഡെർമ തുടങ്ങിയ ബയോകൺട്രോൾഉപാധികൾ, ജൈവകീടനാശിനികൾ തുടങ്ങിയവ ഈ സഞ്ചരിക്കുന്ന കാർഷികവിജ്ഞാനപ്രദർശനശാലയിൽ നിന്നും വാങ്ങാവുന്നതാണ്. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി മുൻകൂട്ടി അറിയിച്ചു ഈവാഹനംഎത്തുന്നതായിരിക്കും. കർഷകസംഘങ്ങളോ കൂട്ടായ്മകളോ ആവശ്യപ്പെടുന്നതിനനുസരിച്ചു അതതുസ്ഥലങ്ങളിലേക്ക് വിത്തുവണ്ടിയുടെ സേവനം എത്തിക്കാൻ ccmannuthy@kau.in എന്ന അഡ്രസ്സിൽ ഇമെയിൽ അയക്കുകയോ 9446058252 എന്ന നമ്പറിൽ ശനിയും ഞായറും ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ പത്തുമണിക്കും വൈകിട്ട് അഞ്ച് മണിക്കും ഇടയിൽ വിളിക്കുകയോ ചെയ്യാവുന്നതാണ്.

2. ഓൺലൈൻ മൃഗചികിത്സയുമായിവെറ്ററിനറിസർവകലാശാല-

വളർത്തുമൃഗ പരിപാലനം, രോഗം ഭക്ഷണരീതി മറ്റ് അനുബന്ധമേഖലകൾ എന്നിവയിലുള്ള കർഷകരുടെ സംശയങ്ങൾക്ക് തത്സമയ പരിഹാരവുമായി വെറ്ററിനറിസർവകലാശാലയുടെ കാഫ് പദ്ധതി. കർഷകർക്ക് മൊബൈൽ കോൺഫറൻസിങ്ങിലൂടെ പ്രശ്നപരിഹാരം ലഭിക്കുന്നതിനായി എല്ലാ ദിവസവും പകൽ സമയം ഒൻപതു മണി മുതൽ പന്ത്രണ്ട് മണിവരേയും രണ്ടു മണി മുതൽ അഞ്ചു മണി വരെയും '9447030801' എന്ന നമ്പരിൽ വിളിയ്ക്കാവുന്നതാണ്. വിദഗ്ദ്ധരുമായി നേരിട്ട്

ആശയവിനിമയം നടത്തി സംശയനിവാരണം നടത്താനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. പദ്ധതിയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ എം കെ നാരായണൻ - 9447019009: ഡോ എസ് അജിത്കുമാർ - 9400322511

**ഓൺലൈൻപരിശീലനങ്ങൾ**

1. **ക്ഷീരവികസന വകുപ്പിലെ കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ** വച്ച് ഈ മാസം ഒൻപതിന് (09.06.2021) രാവിലെ 10.30 മുതൽ ക്ഷീരകർഷകർക്ക് വേണ്ടി കന്നുകുട്ടി പരിപാലനത്തെ സംബന്ധിച്ച് ഗൂഗിൾമീറ്റ് മുഖേന പരിശീലനപരിപാടി നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കാൻ താല്പര്യമുള്ള ക്ഷീരകർഷകർ ഈ മാസം രാവിലെ ഒൻപതിന് 10.30 ന് ഗൂഗിൾ മീറ്റ് ലിങ്ക് വഴി ജോയിൻ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481-2302223** എന്ന നമ്പരിൽ ബന്ധപ്പെടുക.
2. **തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** വച്ച് ഈ മാസം 7, 8 തീയതികളിൽ ഇറച്ചിക്കോഴി വളർത്തൽ 15, 16 തീയതികളിൽ പശുവളർത്തൽ 23, 24 തീയതികളിൽ എരുമ വളർത്താൻ എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവർത്തി ദിവസങ്ങളിൽ 0471-2732918, 9188522701 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക
3. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (07.06.2021) രാവിലെ 11 മണിക്ക് 'കന്നുകാലികളിലെ കുളമ്പ് രോഗം-കാര്യവും കാരണവും' എന്ന വിഷയത്തിൽ തൃശ്ശൂർ മണ്ണുത്തി വെറ്ററിനറി ആന്റ് അനിമൽ സയൻസ് കോളേജ് അസോസിയേറ്റ് ഡീൻ ഡോ. പി.വി. ട്രീസ്സാമോളുടെ ഫെയ്സ്ബുക്ക് ലൈവ് ഉണ്ടായിരിക്കുന്നതാണ്. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഫെയ്സ് ബുക്ക് പേജിലും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ യൂട്യൂബിലും പ്രഭാഷണം തത്സമയം വീക്ഷിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. **കേരള വെറ്ററിനറി സർവകലാശാല 'മൃഗസംരക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ'** ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ദ്ധഭാഷണ പരമ്പരയിൽ ഈ മാസം 7-ന് വൈകിട്ട് 5.00 മണിക്ക് 'കിടാങ്ങളുടെ മഴക്കാല പരിചരണം' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തി സർവകലാശാല പ്രൊഫസർ കെ.എം. ശ്യാം മോഹന്റെ ആമുഖഭാഷണവും തുടർന്ന് അസിസ്റ്റന്റ്പ്രൊഫസർ ഡോ. സീന റ്റി.എക്സ്-ന്റെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. കർഷകർക്ക് സംശയദൂരീകരണത്തിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്നനമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ് -9446625160 / 9895213500.
5. ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് മൂന്നുദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു.പരിശീലനം ജൂൺ 09 മുതൽ 11 വരെ നടത്തും. പരിശീലനസമയം എല്ലാദിവസവും രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ആയിരിക്കും.പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലും 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.
6. **തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും** ഈ മാസം 7-ന് രാവിലെ 11.30 മണിക്ക് 'ശാസ്ത്രീയ തെങ്ങുകൃഷി' എന്ന വിഷയത്തിൽ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ജ്യോതി റെയ്ച്ചൽ വർഗ്ഗീസ് നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9446911451 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.
7. **മലമ്പുഴ ലൈവ്സ്റ്റോക്ക്മാനേജ്മെൻറ് പരിശീലനകേന്ദ്ര**ത്തിൽ ഈ മാസം 8-ന് രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ 'മുട്ടക്കോഴി വളർത്തൽ' എന്ന വിഷയത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഓൺലൈൻട്രെയിനിംഗ് സംഘടിപ്പിച്ചിരിക്കുന്നു. സൗജന്യമായി നൽകുന്ന ഈ ട്രെയിനിങ്ങിനെ കുറിച്ച് കൂടുതൽവിവരങ്ങൾക്ക് **9188522713** എന്ന വാട്സ്ആപ്പ് നമ്പരിൽ ബന്ധപ്പെടുക.

## 8. കാർഷികനിർദ്ദേശങ്ങൾ

- കായ് ചീയൽ രോഗത്തിനെ ചെറുക്കാൻ വഴുതന വിത്തുകൾ ചൂട് വെള്ളത്തിൽ അര മണിക്കൂർ മുക്കി വച്ചതിനു ശേഷം നടുക. ബോർഡോമിശ്രിതം 0.8 ശതമാനം മണ്ണിൽ ഒഴിച്ചു കൊടുക്കുക.
- മഴക്കാലമായതിനാൽ കുരുമുളകിൽ ദ്രുതവാട്ടം കാണാൻ സാധ്യത ഉള്ളതിനാൽ ഇതിനെ പ്രതിരോധിക്കുന്നതിനായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കോപ്പർ ഓക്സിക്ലോറൈഡ് മൂന്ന് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ചു കൊടുക്കുക. രോഗംബാധിച്ച ഇലകൾ നീക്കം ചെയ്തശേഷം സ്പ്രേ ചെയ്യുക.
- തെങ്ങുകളിൽ കണ്ടുവരുന്ന ഒരു രോഗമാണ് ചെന്നീരൊലിപ്പ്. തെങ്ങിൻ തോപ്പുകളിൽ നീർവാർച്ച ഉറപ്പുവരുത്തുക. രോഗംബാധിച്ച രോഗങ്ങൾ മുറിച്ചുമാറ്റി 10 ശതമാനം വീര്യമുള്ള ബോർഡോ കുഴമ്പ് തേക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം